"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ് - വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.2105/2024/HOME തീയതി,തിരുവനന്തപുരം, 25-07-2024

പരാമർശം:-
1. സ.ഉ.(സാധാ) 2906/2023/ആഭ്യന്തരം തീയതി 10.10.2023.
2. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 17.05.2024-ലെ FIREHQ/1772/2022-M1-1 നമ്പർ കത്ത്.

ഉത്തരവ്

2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 5475-00-800-78-01-00-00-PV ശീർഷകത്തിൽ 30 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം പ്രസ്തുത തുക ചെലവഴിച്ച് ചുവടെ ചേർക്കും പ്രകാരം വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി യിരുന്നു.

| Sl.No | Name of Items | Nos required | Approximate unit Price (Lakh) | Estimated Total (in Lakhs) |
|---|---|---|---|---|
| 1 | Fire Tender | 31 | 60 | 1860 |
| 2 | Fire Fighting Drone | 2 | 100 | 200 |
| 3 | Tripod Stand for Well Rescue | 80 | 2 | 160 |
| 4 | Emergency Management Vehicle | 1 | 25 | 25 |
| 5 | BA Cylinder pressure Testing Facility | 1 | 200 | 200 |
| 6 | Four Wheel drive vehicle for Districts like Wayanad | 5 | 15.1 | 75.5 |
| 7 | Oxygen cylinder and accessories for SCUBA Divers | 15 | 0.2 | 3 |
| 8 | BA Filling Chamber | 8 | 20 | 160 |
| 9 | SCUBA Set with Diving Suit& Communication | 20 | 10 | 200 |
| 10 | Tyre 10.00 x 20 | 95 | 0.2 | 19 |
| | | | | |

| | | | | |
|---|---|---|---|---|
| 11 | Royalty and License fee for Walkie Talkie and Base Station | - | 47.5 | 47.5 |
| 12 | Amenities for women indifferent offices and Station | - | 50 | 50 |
| | GRAND TOTAL | | | 3000 Lakhs |

2. 2023-24 സാമ്പത്തിക വർഷത്തിൽ 28,09,707/- രൂപ മാത്രമേ വകുപ്പിന് ചിലവഴിക്കാൻ സാധിച്ചിരുന്നുള്ളുവെന്നതിനാൽ ചിലവഴിക്കാൻ സാധിക്കാതെ വന്ന തുകയായ 29,67,42,813/- രൂപയിൽ 71,99,853/- രൂപ ഇ-ലാംസ് അക്കൗണ്ടിലേക്ക് വകയിരുത്തുകയുണ്ടായി.

3. 2024-25 സാമ്പത്തിക വർഷം 5475-00-800-78-01-00-00-PV ശീർഷകത്തിൽ 6.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഇ-ലാംസ് അക്കൗണ്ടിലേക്ക് മാറ്റിയ 71,99,853/- രൂപ കഴിച്ച് 5,78,00,147/- രൂപയാണ് അവശേഷിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം പരാമർശം (1) പ്രകാരം ഭരണാനുമതി ലഭിച്ച ഇനങ്ങളിൽ ചിലത് വാങ്ങേണ്ടതില്ല എന്ന് ഫയർ&റസ്ക്യൂ വകുപ്പ് തീരുമാനിക്കുകയും ഇ-ലാംസിൽ ഉൾപ്പെട്ടിട്ടില്ലാത്തതും വകുപ്പിന് ആവശ്യമായതുമായ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ പർച്ചേസ് നടപടികൾ പൂർ ത്തിയാക്കുന്നതിന് 4,44,71,960/- (നാല് കോടി നാൽപത്തിനാല് ലക്ഷത്തി എഴുപത്തിഒന്നായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപ ആവശ്യമാണെന്നും പ്രസ്തുത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

| Sl.No | Subject | Amount |
|---|---|---|
| 1 | Purchase of 80 Nos of Tripod Stand for Well Rescue | Rs.1,58,96,960/- |
| 2 | Purchase of 1 No of Emergency Management Vehicle | Rs.25,00,000/- |
| 3 | Purchase of 5 Nos of Four Wheel drive vehicle for Districts like Wayanad | Rs.75,50,000/- |
| 4 | Purchase of 20 Nos of SCUBA Set with Diving Suit & Communication | Rs.1,69,29,000/- |
| 5 | Purchase of 95 Nos of Tyre 10.00 x 20 | Rs.15,96,000/- |
| TOTAL | | Rs.4,44,71,960/- |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ചുവടെ ചേർക്കുന്ന ഇനങ്ങൾ വാങ്ങുന്നതിനായി 5475-00-800-78-01-00-00-PV ശീർഷകത്തിൽ ആകെ 3,44,21,960/-(മൂന്ന് കോടി നാൽപത്തിനാല് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No | Subject | Amount |
|---|---|---|
| | | |

| | | |
|---|---|---|
| 1 | Purchase of 80 Nos of Tripod Stand for Well Rescue | Rs.1,58,96,960/- |
| 2 | Purchase of 20 Nos of SCUBA Set with Diving Suit & Communication | Rs.1,69,29,000/- |
| 3 | Purchase of 95 Nos of Tyre 10.00 x 20 | Rs.15,96,000/- |
| | TOTAL | Rs. 3,44,21,960/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3) ധനകാര്യ വകുപ്പ് (20.06.2024-ലെ 2805930 വ്യയം-ബി1/284/2024-ഫിൻ പ്രകാരം).

4) ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്.

5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

6) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 26-07-2024 13:36:06

സെക്ഷൻ ഓഫീസർ